**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4830** **02-07-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് അക്കാദമി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസനവകുപ്പിന് കീഴിൽ തിരുവനന്തപുരത്തുള്ള സിവിൽ സർവ്വീസ് അക്കാദമി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ഐ. സി.എസ്. ഇ.റ്റി.എസ്) നിലവിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത അക്കാദമിയിൽ നിലവിൽ എത്ര വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്; വിശദമാക്കാമോ; | (ബി) | ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവീൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി മുഖേന ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേയ്ക്ക് മുൻ വർഷം തെരഞ്ഞെടുക്കപ്പെട്ട 60 കുട്ടികൾ പഠനം നടത്തി കഴിഞ്ഞിട്ടുണ്ട്.<br><br>പുതുതായി വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി മുഖേന ഓറിയന്റേഷൻ ക്യാമ്പ് നടത്തുകയും തുടർന്നുള്ള എഴുത്ത് പരീക്ഷയിലൂടെയും, കൂടികാഴ്ചയിലൂടെയും തെരഞ്ഞെടുക്കുന്നവരുടെ റാങ്ക് പട്ടികയിൽ നിന്നും ആദ്യ റാങ്കിൽപ്പെടുന്ന 60 പട്ടികജാതി വിദ്യാർത്ഥികളിൽ 50 പേർക്ക് കേരളത്തിനകത്ത് വിദ്യാർത്ഥികൾ തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾ വഴിയും 10 വിദ്യാർത്ഥികൾക്ക് കേരളത്തിന് പുറത്ത് അവർ തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾ മുഖേനയും സിവിൽ സർവ്വീസ് ട്രെയിനിംഗിനായി പരിശീലനം നൽകുന്നു. ഇതിന്റെ നടപടി ക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. |
| (സി) | പ്രസ്തുത അക്കാദമിയിൽ പഠനം പൂർത്തീകരിച്ച എത്ര വിദ്യാർത്ഥികൾ സിവിൽ സർവ്വീസ് നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | 2002 മുതൽ 2022 വർഷം വരെ 14 വിദ്യാർത്ഥികൾ സിവിൽ സർവ്വീസ് നേടയിട്ടുണ്ട് (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.) |

സെക്ഷൻ ഓഫീസർ

| Sl No | Year | Name | Services |
|---|---|---|---|
| 1 | 2002 | V.K.PRASANTH | IRS |
| 2 | 2003 | K.SETHURAMAN | IPS |
| 3 | 2003 | ANILKUMAR | IRTS |
| 4 | 2004 | K.K.SUJA | IRTS |
| 5 | 2005 | SAJU SURENDRAN | IES |
| 6 | 2010 | LAINA BALAN | IRS |
| 7 | 2010 | PRADEEP K S | IFoS ** |
| 8 | 2010 | VISMIJU VISWANATH | IFoS ** |
| 9 | 2011 | MIDHUN T.R | IFS |
| 10 | 2012 | Dr.LILLY.G | IFS |
| 11 | 2016 | MIDHUN V SOMARAJ (2010-11 Batch) | IRTS |
| 12 | 2016 | VIJEESH KUMAR T.G (2007-08 Batch) | IRS (Central Excise & Customs |
| 13 | 2018 | SREE DHANYA SURESH (2016-17 Batch) | IAS |
| 14 | 2022 | RAVEEN K MANOHARAN | Indian Civil Accounts Service |